**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2727** **13-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ പ്രായോഗിക തൊഴിൽ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സാങ്കേതിക കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അതത് മേഖലയുമായി ബന്ധപ്പെട്ട പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ പ്രായോഗിക തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നിലവിലെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിരിക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുക വഴി വിവിധ സാങ്കേതിക കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം ലഭിക്കുന്നതിനുള്ള സാഹചര്യം വർദ്ധിക്കുന്നുണ്ട്. പ്രായോഗിക പരിശീലനം ലഭിക്കുന്നതിനായി അതാത് സ്ഥാപനങ്ങളെ സമീപിക്കാവുന്നതാണ്.<br><br>നിലവിൽ സൂപ്പർവൈസറി ഡെവലപ്മെൻറ് സെൻറർ (കളമശ്ശേരി) മുഖാന്തിരം നാഷണൽ അപ്രൻറീസ്ഷിപ് ട്രെയിനിംഗ് സ്കീമിലൂടെ (NATS) ഗ്രാജുവേറ്റ് / ഡിപ്ലോമ യോഗ്യതയുള്ള വിദ്യാർത്ഥികളെ ഒരു വർഷകാലയളവിലേക്ക് ട്രെയിനിംഗിനായി നിയമിക്കാറുണ്ട്. വിജയകരമായി ടി ട്രെയിനിംഗ് പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് NATS ന്റെ പുതിയ സ്കീം പ്രകാരം രണ്ടു വർഷത്തേക്ക് കൂടി തുടർ ട്രെയിനിംഗ് നൽകിവരുന്നു. ഇത് കൂടാതെ ഐ.ടി.ഐ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ആർ.ഐ. സെൻറർ മുഖാന്തിരം നാഷണൽ അപ്രൻറീസ് ഷിപ്പ് പ്രമോഷൻ സ്കീം (NAPS) മുഖേന ഒരു വർഷത്തേക്ക് ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിജ്ഞാനം പകർന്നു നൽകുന്നതിനായി നിലവിൽ Internship, Project Work എന്നിവ ചെയ്യുന്നതിനുള്ള അവസരങ്ങളും നൽകിവരുന്നു. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലെ തൊഴിലാളികളുടെ പ്രായോഗിക പരിജ്ഞാനം സാങ്കേതിക വിദ്യാർത്ഥികൾക്ക് കൂട്ടതലായി പകർന്നു | (ബി) | (എ) പിരിവിന്റെ മറുപടി ദയവായി കണ്ടാലും. |

| | | | |
|---|---|---|---|
| | നൽകുന്നതിന് സാഹചര്യമൊരുക്കാമോ; വിശദമാക്കാമോ; | | |
| (സി) | ഇത്തരത്തിൽ പ്രായോഗിക പരിജ്ഞാനം നേടിയവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് കൂടുതൽ സഹായ പദ്ധതികൾ ആവിഷ്കരിക്കാമോ; വ്യക്തമാക്കാമോ? | (സി) | വ്യവസായ വകുപ്പ് മുഖേന നടത്തുന്ന വിവിധ സംരംഭക പരിശീലന പരിപാടികളിലൂടെ ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ